(ഡി) അടിയന്തിരമായി നെൽസന് വായ്പ ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 27.1.1998 നാണ് വായ്പ അനുവദിച്ചത്.

(ബി) ഉണ്ട്.

(സി) മൈത്രീ ഭവന പദ്ധതി പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പരമാവധി 50 സ്ക്വ.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ. നെൽസൺ നൽകിയ സ്റ്റേജ് സർട്ടിഫിക്കറ്റിൽ ന്യൂനത കണ്ടതിനെ തുടർന്ന് എഞ്ചിനീയർ കെട്ടിടനിർമ്മാണ സ്ഥലം പരിശോധിച്ചപ്പോൾ ടിയാന്റെ കെട്ടിടത്തിന്റെ വിസ്തീർണ്ണം ഏകദേശം 80 സ്ക്വ.മീ. ആണെന്നും കെട്ടിടത്തിന്റെ കുറച്ചു ഭാഗം പണയപ്പെടുത്തിയ വസ്തുവിൽനിന്നും മാറിയിട്ടുള്ളതായും റിപ്പോർട്ടു ലഭിച്ചു. വായ്പ പത്രസമ്മതപ്രകാരം പരമാവധി തറ വിസ്തീർണ്ണത്തിനുള്ളിൽ ബോർഡിൽ പണയപ്പെടുത്തിയ വസ്തുവിൽ തന്നെ വായ്പ ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തേണ്ടതുണ്ട്. ഈ വ്യവസ്ഥ ലംഘിക്കുന്നപക്ഷം തുടർന്നുള്ള വായ്പാ ഗഡുക്കൾ നൽകാതിരിക്കുവാനും ഗുണഭോക്താവിന് കൈപ്പറ്റിയ വായ്പ പലിശ സഹിതം ഈടാക്കുവാനുമാണ് വായ്പാ വ്യവസ്ഥകളിൽ നിഷ്കർഷിക്കുന്നത്.

(ഡി) നിലവിലുള്ള വ്യവസ്ഥപ്രകാരം ശ്രീ. നെൽസന് തുടർന്നുള്ള വായ്പാ ഗഡുക്കൾ അനുവദിക്കാൻ നിർവാഹമില്ല.

152 (1373) മൈത്രീ ഭവന പദ്ധതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന പദ്ധതി അനുസരിച്ച് വീട് വയ്ക്കുന്നതിന് അർഹതപ്പെട്ട വ്യക്തികളിൽനിന്നും 'മൈത്രീ ഡെപ്പോസിറ്റ്' സ്വീകരിക്കാറുണ്ടോ; എങ്കിൽ എത്ര രൂപ വീതം;

(ബി) ഈ പദ്ധതി അനുസരിച്ച് ഓരോ ജില്ലയിലും എത്ര രൂപ വീതം എത്രപേർക്ക് വായ്പ അനുവദിച്ചു; ഇവരിൽ നിന്നും ഓരോ ജില്ലയിലും എന്തു തുകവീതം ഡെപ്പോസിറ്റായി സ്വീകരിച്ചു;

(സി) ഇപ്രകാരം സ്വീകരിച്ച തുക എങ്ങനെ വിനിയോഗിച്ചു;

(ഡി) ഈ പദ്ധതി അനുസരിച്ച് ഹൗസിംഗ് ബോർഡിന് എന്തു തുക ഓരോ വർഷവും ലാഭം ഉണ്ടാക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൈത്രി ഭവന പദ്ധതിപ്രകാരം ഡെപ്പോസിറ്റായി വീടൊന്നിന് 12,500/- രൂപ വീതം സ്വീകരിക്കാറുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം സ്വീകരിച്ച തുക, ബോർഡിന്റെ വിവിധ നിർമ്മാണ/വായ്പാ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിച്ചു. ഇതിൽ നിന്നുള്ള വരുമാനം മൈത്രീ പദ്ധതി പ്രകാരം നൽകിയ വായ്പയുടെ തിരിച്ച ടവിനായി ഉപയോഗിക്കുന്നു.

(ഡി) വായ്പയുടെ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനാണ് നിക്ഷേപ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ നിന്നും ബോർഡ് ലാഭം പ്രതീക്ഷിക്കു ന്നില്ല.

153 (1374) എറണാകുളം റവന്യൂ ടവറിന്റെ പണി

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റവന്യൂ ടവറിന്റെ പണി എന്തു തുകയ്ക്കാണ് കരാർ നൽകിയത്;

(ബി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് എത്രയായിരുന്നു;

(സി) എസ്റ്റിമേറ്റിനേക്കാൾ വർദ്ധിച്ച തുകയ്ക്ക് കരാർ നൽകാനു ണ്ടായ കാരണമെന്താണ്;

(ഡി) റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാൻ അനുസരിച്ച് അതിന് അണ്ടർ ഗ്രൗണ്ട് സെല്ലാർ ഉണ്ടായിരുന്നുവോ; ഇതിന് അണ്ടർ ഗ്രൗണ്ട് സെല്ലാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ആവശ്യം എന്തായിരുന്നു;

(ഇ) അതിനുവേണ്ടി എന്തു തുക ചെലവായി;

(എഫ്)ഈ റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാനിൽ എന്തെല്ലാം മാറ്റ ങ്ങൾ വരുത്തി;

(ജി) മാറ്റം വരുത്തിയതിന്റെ ഫലമായി എന്തു തുക അധിക ചെലവു വരും;

(എച്ച്) റവന്യൂ ടവറിന് ഉണ്ടാക്കിയ സെല്ലാർ കടൽനിരപ്പിനും താഴെ യാണോ ഉണ്ടാക്കിയത്; എങ്കിൽ അതിൽ വെള്ളം കയറുവാനുള്ള സാദ്ധ്യത യുണ്ടായിരുന്നുവോ;

(ഐ) വെള്ളം കയറുന്നത് തടയുവാൻ എന്തു തുക ചെലവായി?

<u>ഉത്തരം</u>

(എ) 12,49,80,086/- രൂപയ്ക്ക്.

(ബി) 9,29,06,922/- രൂപ

(സി) ടി പണിയ്ക്ക് 25.8.1995-ൽ ദർഘാസുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച 5 ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ 82% ദർഘാസ് വർദ്ധ നവ് സമർപ്പിച്ചത് 'മെയ്ഡേശിൽപി' കൺസ്ട്രക്ഷനായിരുന്നു. തുടർന്നുള്ള കൂടിയാലോചനയിൽ ടിയാൽ 2% കുറച്ച് 50% വർദ്ധനവിൽ ടി പണിചെയ്യാ മെന്ന് സമ്മതിച്ച പ്രകാരം 92 ഷെഡ്യൂൾ റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റി മേറ്റ് തുകയും 50% ദർഘാസ് വർദ്ധനവും (ഡിപ്പാർട്ട്മെന്റ് സാധനങ്ങളുടെ വിലയൊഴികെ) ചേർത്ത് 12,49,80,086/- രൂപയ്ക്ക് ടി പണി ബോർഡ് അവാർഡ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly